പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1543     12.06.2019 ലെ മറുപടിക്ക്

## കുരുമുളക് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി ബാലകൃഷ്ണൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) വിയറ്റ്നാമിൽ നിന്നുള്ള കുരുമുളക് ഇറക്കുമതിയിലെ വർദ്ധനവ് സംസ്ഥാനത്തെ കുരുമുളക് കർഷകരെ ദോഷകരമായി ബാധിച്ചു എന്നത് വസ്തുതയല്ലേ; | (എ) 01.01.2010 മുതൽ കേന്ദ്രസർക്കാർ ഏർപ്പെട്ട ആസിയാൻ ഉടമ്പടി പ്രകാരം അംഗരാജ്യങ്ങൾക്കിടയിലെ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യങ്ങൾ പരസ്പരം കയറ്റിറക്ക് പ്രോത്സാഹിപ്പിക്കുന്നതിനാൽ കേരളത്തിന്റെ തനത് സുഗന്ധവ്യഞ്ജന വിളയായ കുരുമുളക് ഉൾപ്പെടെയുള്ളവയുടെ വിലയിൽ ഗണ്യമായ ഇടിവ് സംഭവിച്ചിട്ടുണ്ട്. കുരുമുളകിന്റെ വിപണി വില 2016 നെ അപേക്ഷിച്ച് 2019 ആയപ്പോൾ നേർപകുതിയോളം ആവുകയുണ്ടായി. (2016 ൽ കുരുമുളകിന് കിലോഗ്രാമിന് ശരാശരി 700 രൂപ ഉണ്ടായിരുന്നത് 2019 ൽ ശരാശരി 350 നും 370 നും ഇടയിലായി.) വിയറ്റ്നാമിൽ കുരുമുളകിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൂടുതലായതും അവിടത്തെ തദ്ദേശീയ കമ്പോളത്തിൽ കുരുമുളകിന് ആവശ്യക്കാർ കുറഞ്ഞതും കാരണം കുരുമുളകിന് ആവശ്യക്കാർ ഏറെയുള്ള ഇന്ത്യൻ വിപണിയിലേക്ക് വർദ്ധിച്ച തോതിൽ ഇറക്കുമതി ചെയ്യപ്പെടുന്നു എന്നത് വസ്തുതയാണ്. കുരുമുളകിന് 51 ശതമാനം തീരുവ മാത്രം നൽകി ആസിയാൻ രാജ്യമായ വിയറ്റ്നാമിൽ നിന്ന് കുരുമുളക് ഇറക്കുമതി നടക്കുന്നുണ്ട്. ഇത് സംസ്ഥാനത്തെ കുരുമുളക് കർഷകരെ ദോഷകരമായി ബാധിക്കുന്നുണ്ട്. |
| (ബി) മൂല്യവർദ്ധിത ഉല്പന്നമായി മറ്റ് രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കാമെന്ന വ്യവസ്ഥയിൽ ഇറക്കുമതി ചെയ്യപ്പെടുന്ന വിലകുറഞ്ഞ കുരുമുളകിന്റെ സത്ത് | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| എടുത്തശേഷമുള്ള ചണ്ടി മസാല കമ്പനികൾക്കും മറ്റും നൽകുന്നത് സംസ്ഥാനത്തെ കുരുമുളകിന്റെ ഡിമാന്റ് കുറയ്ക്കുന്നതിന് കാരണമായിട്ടില്ലേ; | |
| (സി) എങ്കിൽ കുരുമുളക് കർഷകരെ വിലയിടിവിൽ നിന്നും സംരക്ഷിക്കുന്നതിന് ഏത് തരത്തിലുള്ള ഇടപെടലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ആസിയാൻ രാജ്യങ്ങൾ, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്നുള്ള അനിയന്ത്രിത ഇറക്കുമതി തടയണം എന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്.സുഗന്ധ വിളകളുടെ വികസന പദ്ധതി പ്രകാരവും വയനാട് പാക്കേജ് പദ്ധതി പ്രകാരവും കുരുമുളക് കൃഷിയുടെ പുനരുജ്ജീവനത്തിനും വികസനത്തിനും കർഷകർക്ക് ആനുകൂല്യം നൽകി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ കർഷകരുടെ ഉൽപ്പാദനച്ചെലവ് കുറക്കുന്നതിന് ഒരു പരിധി വരെ സഹായിക്കുന്നുണ്ട്. |

ഡെപ്യൂട്ടി സെക്രട്ടറി